"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - ഡീലിമിറ്റേഷൻ കമ്മിഷൻ -ഡീലിമിറ്റേഷൻ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്ക് 'സദ് സേവന രേഖ' (Good Service Entry) നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.531/2026/LSGD തീയതി,തിരുവനന്തപുരം, 01-03-2026

---

പരാമർശം:-

1. എസ്.ആർ.ഒ. നമ്പർ 513/2024, തീയതി 14.06.2024
2. ഡീലിമിറ്റേഷൻ കമ്മിഷൻ സെക്രട്ടറിയുടെ 06.12.2025 തീയതിയിലെ SDC/332(4)/2025-SDC7 നമ്പർ കത്ത്
3. 27.10.2025-ന് നടന്ന ഡീലിമിറ്റേഷൻ കമ്മിഷൻ യോഗത്തിന്റെ നടപടിക്കുറിപ്പിലെ തീരുമാനം നമ്പർ 8

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തേണ്ട പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് പരാമർശം (1) പ്രകാരം രൂപീകരിക്കപ്പെട്ട ഡീലിമിറ്റേഷൻ കമ്മിഷൻ ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിന് കൈമാറിയിരുന്നു.

കമ്മീഷന്റെ അംഗങ്ങളുടെയും ജീവനക്കാരുടെയും സംയുക്ത പ്രവർത്തനത്തിലൂടെ ആണ് ഏകദേശം 10 മാസത്തിനുള്ളിൽ 1198 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഡീലിമിറ്റേഷൻ പ്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്. ഭരണപരവും സാങ്കേതികവുമായ സങ്കീർണ്ണതകൾ ഏറെയുള്ള ഈ പ്രക്രിയയിൽ ഓരോ ഘട്ടത്തിലും സൂക്ഷ്മമായ ഏകോപനത്തോടെ ഡാറ്റ കൃത്യമായി കൈകാര്യം ചെയ്യുകയും സുസ്ഥിരമായ പ്രതിബദ്ധതയോടെ അധിക സമയം ജോലിയിൽ ഏർപ്പെടുകകയും ചെയ്തത് പരിഗണിച്ച് ഡീലിമിറ്റേഷൻ കമ്മിഷൻ കാര്യാലയത്തിലെ ജീവനക്കാർക്ക് Good Service entry (സത് സേവനം രേഖപ്പെടുത്തൽ) നൽകുന്നതിന് പരാമർശം രണ്ടു പ്രകാരം കമ്മിഷൻ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തേണ്ട പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് സ്തുത്യർഹ സേവനം കാഴ്ച വച്ച ചുവടെ പരാമർശിക്കുന്ന ഡിലിമിറ്റേഷൻ കമ്മീഷൻ

(DELIMITATION COMMISSION) ജീവനക്കാർക്ക് അവരുടെ ആത്മാർത്ഥതയ്ക്കും അർപ്പണബോധത്തിനും അംഗീകാരമായി "സദ്സേവന രേഖ" (Good Service Entry) നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും PEN നമ്പറും | തസ്തികയും ഓഫീസും |
|---|---|---|
| 1 | ജോസ്നാമോൾ എസ് (455022) | ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി (LSGD) പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| 2 | പ്രശാന്ത് കുമാർ കെ (415736) | ഡെപ്യൂട്ടി ഡയറക്ടർ, എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 3 | ഗോപകുമാർ എം (585424) | സീനിയർ സൂപ്രണ്ട്, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| 4 | ഷിബു കെ.കെ (438210) | സെക്രട്ടറി, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 5 | വിനോദ് പി (G495506) | അക്കൗണ്ടന്റ് / റവന്യൂ ഇൻസ്പെക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ |
| 6 | സുരേഷ് ഡി (625571) | അക്കൗണ്ടന്റ്/SEO/HC, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് |
| 7 | സുനിൽ എസ് (402784) | അക്കൗണ്ടന്റ്/SEO/HC, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് |
| 8 | കുമാർ ബി എസ് (109154) | അക്കൗണ്ടന്റ്/SEO/HC, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് |
| 9 | സുദേവൻ എസ് (582943) | സീനിയർ ക്ലർക്ക്, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| 10 | അനു എസ്.എസ് (791096) | സീനിയർ ക്ലർക്ക്, എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 11 | വജാദ് എം (718836) | സീനിയർ ക്ലർക്ക്, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| 12 | രഞ്ജിത്ത് എസ് (415851) | ക്ലർക്ക്, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| 13 | രാജീവ് എസ് (717792) | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| 14 | അരുൺ (841533) | ഡ്രൈവർ, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| 15 | സോജ ടി (757744) | ഓഫീസ് അറ്റൻഡന്റ്, എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ്, ജില്ലാ പഞ്ചായത്ത് പത്തനംതിട്ട |
| 16 | ഷൈൻ കുമാർ എസ്.എസ് (960412) | ഓഫീസ് അറ്റൻഡന്റ്, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |

1) പ്രസ്തുത ഉദ്യോഗസ്ഥർ ഭാവിയിലും തങ്ങളിൽ അർപ്പിതമായ കടമകളും കർത്തവ്യങ്ങളും ആത്മാർഥതയോടും സത്യസന്ധതയോടും സമർപ്പണ മനോഭാവത്തോടെയും നിർവഹിക്കുമെന്ന് പ്രത്യാശിക്കുന്നു.

2) മേൽ ജീവനക്കാരുടെ സർവീസ് രേഖകളിൽ ഇത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
ഡീലിമിറ്റേഷൻ കമ്മീഷൻ കാര്യാലയം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&എ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 02-03-2026 16:17:09
സെക്ഷൻ ഓഫീസർ